# തൗഹീദുകൊണ്ടാണ്

## പ്രവാചകന്മാരുടെ നിയോഗം

**ഗ്രന്ഥകർത്താവ്:** **ശൈഖ് സ്വലാഹ് ഇബ്നു മുഹമ്മദ് അൽ ബുദയ്ർ**
**ഗ്രന്ഥം:** بلوغ السعادة فى توحيد رب العبادة
**വിവർത്തനം:** **അബ്ദുൽ ജബ്ബാർ അബ്ദുല്ല**

---

**عن محمود بن لبيد ﷺ قالَ: قالَ رسولُ الله ﷺ أنا رسولُ الله بعثَنِي إلى العباد أدعوهم إلى أنْ يعبدوا الله لا يشركُوا به شيئًا**

മഹ്മൂദ് ഇബ്നു ലബീദ് ﷺ വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: റസൂലുല്ലാഹിﷺ പറഞ്ഞിരിക്കുന്നു: 'ഞാൻ അല്ലാഹു വിന്റെ റസൂലാണ്, അവൻ എന്നെ അടിയാറുകളിലേക്ക് നിയോഗിച്ചു. അവർ അല്ലാഹുവിൽ യാതൊന്നിനേയും പങ്കുചേർക്കാതെ അല്ലാഹുവിനെ മാത്രം ആരാധിക്കണം എന്നതിലേക്ക് ഞാൻ അവരെ ക്ഷണിക്കുന്നു.' (അഹ്മദ്)

**عن حكيم بن معاويةَ ﷺ عن أبيه قالَ: أتيت رسولَ الله ﷺ فقُلت: ما أتيتك حتى حلفْت عدد أصابعي هذه أنْ لا آتيك فبالذي بعثَك بالحق ما الذي بعثَك به؟ قالَ: الإسلام قالَ: وما الإسلام؟ قالَ: أنْ يسلم قلْبك لله تعالى وأنْ توجه وجهك إلى الله تعالى وتصلي الصلاةَ المكْتوبةَ وتؤدي الزكَاةَ المفْروضةَ**

ഹകീം ഇബ്നു മുആവിയ ﷺ അദ്ദേഹത്തിന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു, അദ്ദേഹം പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ റസൂൽ ﷺ യുടെ അടുത്തേക്ക് ചെന്നു. ഞാൻ പറഞ്ഞു: താങ്കളുടെ അടുത്തേക്ക് ഞാൻ വരുകയില്ലെന്ന് എന്റെ ഈ വിരലുകളുടെ എണ്ണത്തോളം സത്യം ചെയ്തതിന് ശേഷമല്ലാതെ ഞാൻ താങ്കളുടെ അടുക്കൽ വന്നിട്ടില്ല. അതിനാൽ താങ്കളെ ഹക്കുമായി പറഞ്ഞയച്ചവനാണ് സത്യം അവൻ (അല്ലാഹു) താങ്കളെ എന്തുമായാണ് നിയോഗിച്ചയച്ചത്? (നബി ﷺ) പറഞ്ഞു: 'ഇസ്ലാമുമായി' (അയാൾ) ചോദിച്ചു, എന്താണ് ഇസ്ലാം? (നബിﷺ) പറഞ്ഞു: 'നിന്റെ ഹൃദയത്തെ അല്ലാഹുവിലേക്ക് സമർപ്പിക്കലും, അല്ലാഹുവിലേക്ക് നിന്റെ മുഖത്തെ തിരിക്കലും, നിർബന്ധ നമസ്കാരങ്ങൾ നീ നമസ്കരിക്കലും, നിർബന്ധമായ സകാത്ത് നീ കൊടുത്തുവീട്ടലുമാണ് അത് (ഇസ്ലാം)'. (അഹ്മദ്)

**عن عائشة ﵂ قالت قالَ رسولُ الله ﷺ : إني أرسلت بحنيفية سمحة**

ആഇശാ ﵂ യിൽ നിന്നും നിവേദനം, അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞിരിക്കുന്നു: 'സരളമായ ഋജുവായ (ഇസ്‌ലാം) കൊണ്ട് ഞാൻ അയക്കപ്പെട്ടിരിക്കുന്നു.' (അഹ്മദ് )

**عن ابن عمر ﵄ قالَ قالَ رسولُ الله ﷺ بعثت بين يدي الساعة بالسيف حتى يعبد الله وحده لا شريك له وجعلَ رزقي تحت ظل رمحي وجعلَ الذل والصغار على من خالف أمري ومن تشبه بقوم فهو منهم**

അബ്ദുല്ലാഹ് ഇബ്നു﵄വിൽനിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'യാതൊരു പങ്കുകാരുമില്ലാത്ത ഏകനായ അല്ലാഹു ആരാധിക്ക പ്പെടുന്നതുവരെ ക്വിയാമത്ത് നാളിന് മുമ്പായി വാളുകൊണ്ട് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു. എന്റെ കുന്തമുനയുടെ തണലിൽ എന്റെ ഉപജീവനം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. നിന്ദ്യതയും കുറച്ചിലും എന്റെ കൽപ്പനകൾക്ക് എതിരാകുന്നവരുടെമേൽ നിശ്ചയിച്ചിയിക്കപ്പെട്ടിരിക്കുന്നു. ആരെങ്കിലും ഒരു ജനതയോട് സദൃശ്യനായാൽ അവൻ അവരിൽപ്പെട്ടവനാണ്.' (മുസ്നദ്. ഹദീഥ് ദുർബലമാണ്)

**عن أبي هريرةَ ﵁ سمعت رسولَ الله ﷺ يقولُ: أنا أولى الناس بعيسى ابن مريم في الأولى والآخرة قالوا كيف يا رسولَ الله قالَ الأنبياءُ إخوةٌ من علات وأمهاتهم شتى ودينهم واحد فليس بيننا نبي**

അബൂഹുറെയ്റ ﵁ വിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു: 'ഈസ ഇബ്നു മർയമി ﵇ നോട് ജനങ്ങളിൽ ദുനിയാവിലും ആഖിറത്തിലും ഏറ്റവും അടുത്തവൻ ഞാനാണ്.' അവർ (സ്വഹാബികൾ) ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അത് എങ്ങനെയാണ്? അദ്ദേഹം പറഞ്ഞു: 'എല്ലാ നബിമാരും ഒരു പിതാവിൽനിന്നുള്ള സഹോദരങ്ങളാണ് അവരുടെ ഉമ്മമാർ വ്യത്യസ്തരുമാണ്, അവരുടെ ആദർശം ഒന്നാണ്, ഞങ്ങൾ രണ്ടുപേർക്കിടയിൽ ഒരു നബിയും ഇല്ല.' (ബുഖാരി, മുസ്‌ലിം)

**عن عبد الله بن عمرو بن العاص ﵄ أن هذه الآيةَ التي في القرآن ﴿ يَٰٓأَيُّهَا ٱلنَّبِيُّ إِنَّآ أَرْسَلْنَٰكَ شَٰهِدًا وَمُبَشِّرًا وَنَذِيرًا ﴾ قالَ في التوراة يا أيها النبي إنا أرسلناك شاهدا ومبشرا وحرزا للأميين أنت عبدي ورسولي سميتك المتوكلَ ليس بفظ ولا غليظ ولا سخابٍ بالأسواق ولا يدفع السيئةَ بالسيئة ولكن يعفو ويصفح ولن يقبضه الله حتى يقيم به الملةَ العوجاءَ بأنْ يقولوا لا إله إلا الله فيفتح بها أعينا عميا وآذانا صما وقلوبا غلفًا**

അബ്ദുല്ലാഹ് ഇബ്നു അംറ് ഇബ്നു അൽആസ് ﵄ വിൽ നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: തീർച്ചയായും ക്വുർആനിലെ ഈ ആയത്തിൽ (നബിയെ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാകുന്നു) ﴿നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു﴾ അദ്ദേഹം പറഞ്ഞു: 'തൗറാത്തിൽ (നബിയെ വിശേഷിപ്പിച്ചത്): ''നബിയേ, തീർച്ചയായും നാം നിന്നെ സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും നിരക്ഷരർക്ക് സംരക്ഷകനും ആയിക്കൊണ്ട് അയച്ചിരിക്കുന്നു, നീ എന്റെ ദാസനും

ദൂതനുമാകുന്നു. നാം നിനക്ക് ‘അൽമുതവക്കിൽ’ എന്ന് നാമകരണം ചെയ്തിരിക്കുന്നു. അദ്ദേഹം (നബിﷺ) കഠിനഹൃദയനോ പരുഷസ്വഭാവിയോ അങ്ങാടികളിൽ ബഹളമുണ്ടാക്കുന്നവനോ അല്ല. അദ്ദേഹം തിന്മയെ തിന്മകൊണ്ട് പ്രതി രോധിക്കുകയില്ല. എന്നാൽ പൊറുക്കുകയും വിട്ടുവീഴ്ച്ച ചെയ്യുകയും ചെയ്യും. വളഞ്ഞമാർഗ്ഗം (കുഫ്‌റിന്റെമാർഗ്ഗം) അദ്ദേഹത്തെക്കൊണ്ട് നേരെയാക്കുംവരെ അല്ലാഹു അദ്ദേഹത്തെ പിടികൂടുക (മരിപ്പിക്കുക)യില്ല. ജനങ്ങൾ ‘ലാ ഇലാഹ ഇല്ലല്ലാഹ്‘ പറയൽ കൊണ്ടാണ് (വളഞ്ഞ മാർഗ്ഗം നേരെയാക്കൽ). അതിലൂടെ (കലിമത്തുത്തൗഹീദിലൂടെ) അദ്ദേഹം (സത്യത്തിനുമുമ്പിൽ) അന്ധമായ കണ്ണുകളേയും ബധിരമായ ചെവികളേയും അടഞ്ഞ ഹൃദയങ്ങളേയും തുറക്കും (ബുഖാരി)

**عن جبير بن مطعم ﵁ أن رسولَ الله ﷺ قالَ إن لي أسماءً أنا محمد وأنا أحمد وأنا الماحي الذي يمحو الله بِي الكُفْر وأنا الْحاشر الذي يحشر الناس على قَدمي وأنا الْعاقب الذي لَيس بعده أحد**

ജുബൈയ്ർ ഇബ്നു മുത്ഇം ﵁ വിൽ നിന്നും നിവേദനം, അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: ‘തീർച്ചയായും എനിക്ക് (ഒന്നിലധികം) നാമങ്ങളുണ്ട്, ഞാൻ മുഹമ്മദ് ആണ്, ഞാൻ അഹമദും ആണ്, അല്ലാഹു എന്നെക്കൊണ്ട് കുഫ്‌റിനെ മായിക്കും; അങ്ങനെയുള്ള ‘അൽമാഹി’യുമാണ് ഞാൻ. എന്റെ പിന്നിൽ എനിക്കു ശേഷം ജനങ്ങൾ ഒരുമിച്ച് കൂട്ടപ്പെടും; അങ്ങനെയുള്ള ‘അൽ ഹാശിർ’ ആകുന്നു ഞാൻ. തനിക്ക് ശേഷം ഒരാളും (നബിയായി) ഇല്ലാത്ത ‘അൽആകിബാ’ണ് ഞാൻ. (ബുഖാരി, മുസ്‌ലിം)